**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3462</u>** **<u>14-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന നടപ്പിലാക്കിയ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനായി ലഭിച്ച അപേക്ഷകരിൽ നിന്ന് യോഗ്യരായവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകളിൽ നിന്നും ഇതിനായി നിയോഗിച്ച സ്ക്രീനിംഗ് കം സെലക്ഷൻ കമ്മിറ്റി (Screening cum Selection Committee) യാണ് യോഗ്യരായവരെ തിരഞ്ഞെടുത്തത്. അപേക്ഷകർക്ക് ലഭിച്ചിട്ടുള്ള അവാർഡുകൾ, ഫെലോഷിപ്പുകൾ, റെഫേർഡ് ജേർണലുകളിലെ പ്രസിദ്ധീകരണങ്ങൾ, ഗവേഷണ പ്രൊപ്പോസലുകളുടെ മികവ് എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാന ത്തിലാണ് തിരഞ്ഞെടുപ്പ് നടത്തിയി ട്ടുള്ളത്. നവ കേരള സൃഷ്ടിക്ക് ഉതകുന്ന തരത്തിലുള്ള ഗവേഷണ പ്രൊപ്പോസലുകളാണ് ഫെലോഷിപ്പി നായി പരിഗണിക്ക പ്പെട്ടത്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട അപേക്ഷകരെ അഭിമുഖത്തിന് ക്ഷണിക്കുകയും അതിൽ നിന്ന് അന്തിമ പട്ടിക തയ്യാറാക്കുകയുമാണ് ഉണ്ടായത്. |
| (ബി) | പ്രസ്തുത ഫെലോഷിപ്പിനായി ലഭിച്ച അപേക്ഷകരിൽ നിന്ന് ലഭ്യമായ പഠന വിഷയം പരിശോധിക്കാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിരുന്നോ; വിശദ വിവരം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത ഫെലോഷിപ്പിനായി ലഭിച്ച അപേക്ഷകരിൽ നിന്ന് ലഭ്യമായ പഠന വിഷയം പരിശോധിക്കാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പഠന വിഷയങ്ങൾ എന്തുകൊണ്ടാണ് വിഷയം നിരസിച്ചതെന്ന് അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ നിരസിച്ച കാരണം കൂടി അപേക്ഷകരെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് യോഗ്യരായവരെ തിരഞ്ഞെടുക്കുകയും ഫെലോഷിപ്പ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളത്. അന്തിമ പട്ടികയിൽ ഇടം നേടാത്തവരെ പ്രസ്തുത വിവരം പ്രത്യേകമായി അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| l.No | Subject | Chairpersons |
|---|---|---|
| | Life Science | Prof.H.A. Ranganath<br>Centre for Human Genetics, Bangalore, Vidyashilp University, Bangalore |
| 2 | Chemical Science | Prof. Suresh Das<br>Former Executive Vice President, Kerala State Council for Science Technology and Environment |
| 3 | Material Science | Prof. Sharath Ananthamurthy<br>Professor, University of Hyderabad |
| 4 | Historical Studies, Political Science, Humanities & Liberal Arts | Prof. Kesavan Veluthat<br>University of Delhi |
| 5 | Economics Studies | Prof. C.P. Chandrasekhar<br>Centre for Economic Studies and Planning, School of Social Sciences, JNU |
| 6 | Management and Commerce | Dr. Saji Gopinath<br>Hon'ble Vice Chancellor, Kerala University of Digital Science, Innovation and Technology |
| 7 | Agriculture and Ecological Studies | Prof. V.S. Vijayan<br>Honorary Chairman at Salim Ali Foundation |
| 8 | Climate Change and Geological Studies | Dr. C.P. Rajendran<br>Jawaharlal Nehru Centre for Advanced Scientific Research (JNCASR), Bangalore |
| 9 | Medical Science | Prof. Dr. Valiathan<br>National Research Professor, Manipal Academy of Higher Education |
| 10 | Digital Technologies and Engineering | Dr. Gangan Prathap<br>Former Director, National Institute for Interdisciplinary Science and Technology |

സെക്ഷൻ ഓഫീസർ